# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7349**
**14.07.2014 ലെ മറുപടിക്ക്**

**നോർക്ക സെല്ലുകളുടെ പ്രവർത്തനം**

ചോദ്യം | മറുപടി

ശ്രീ. എം.വി. ശ്രേയാംസ് കുമാർ

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നോർക്ക സെല്ലുകളിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) പ്രവാസി മലയാളികൾക്ക് എളുപ്പത്തിലും സൗകര്യപ്രദമായും സഹായം നേടാൻ കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്താനാണ് നോർക്ക സെൽ സ്ഥാപിച്ചിട്ടുള്ളത്. നോർക്ക വകുപ്പിന്റെ ധനസഹായ പദ്ധതികളായ സാന്ത്വന, ചെയർമാൻ ഫണ്ട്, കാരുണ്യം പദ്ധതി എന്നിവയുടെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യവും അതിന്മേലുള്ള വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനമാണ് നോർക്ക സെല്ലുകളിൽ നിന്നും നൽകി വരുന്നത്. നോർക്ക-റൂട്ട്സ് നടപ്പാക്കി വരുന്ന ഇൻഷുറൻസ് പദ്ധതികളുടെ അപേക്ഷയുടെ വിതരണവും സ്വീകരിക്കലും ഈ ഓഫീസുകളിൽ ചെയ്യുന്നുണ്ട്. ജില്ലാതല സെല്ലുകളിൽ പ്രവാസികൾക്ക് നോർക്ക വകുപ്പുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും ബന്ധപ്പെടുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് നോർക്ക സെല്ലുകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം എന്നീ ജില്ലാ കേന്ദ്രങ്ങളിൽ നോർക്ക സെല്ലുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകളും പ്രവർത്തിച്ചു വരുന്നു. |
| (സി) വയനാട് ജില്ലയിൽ നോർക്കാസെല്ലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) വയനാട് ജില്ലയിൽ നോർക്കസെൽ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ